പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2860 — 22.02.2016 ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി) | |
| (എ) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വേതനം ഇനത്തിൽ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് ജില്ല അടിസ്ഥാനത്തിൽ വിശദമാക്കാമോ; | (എ) | 17.02.2016 ലെ കണക്ക് പ്രകാരം സംസ്ഥാനത്ത്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനയിനത്തിൽ ആകെ 17,319.09 ലക്ഷം രൂപ കുടിശ്ശികയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു. |
| (ബി) | കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | ഉണ്ട്. 01.01.2016 മുതൽ നാഷണൽ ഇ-എഫ്.എം.എസ്. സംവിധാനം വഴി കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് വേതന വിതരണം ചെയ്യുന്ന രീതി അവലംബിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, മസ്റ്റർ റോൾ ഡാറ്റാ എൻട്രി, വേജ് ലിസ്റ്റ് തയ്യാറാക്കൽ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ച് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ ഇലക്ട്രോണിക് ആയി തയ്യാറാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിധത്തിൽ വേതന വിതരണം നാഷണൽ ഇ-എഫ്.എം.എസ്. സംവിധാനം മുഖേന ആയതിനാൽ കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചാൽ മാത്രമേ കൂലി, തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് എത്തിച്ചേരുകയുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്. മാത്രമല്ല, ഇ-എഫ്.എം.എസ്. സംവിധാനത്തിലെ തടസ്സങ്ങൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു കൺസൾട്ടന്റിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

| ജില്ല | കുടിശ്ശിക തുക (ലക്ഷത്തിൽ) |
|---|---|
| പാലക്കാട് | 1145.5 |
| വയനാട് | 182.76 |
| ഇടുക്കി | 1222.38 |
| കാസർഗോഡ് | 897.67 |
| ആലപ്പുഴ | 1645.87 |
| എറണാകുളം | 627.59 |
| കണ്ണൂർ | 942.01 |
| കൊല്ലം | 1523.72 |
| കോട്ടയം | 882.52 |
| കോഴിക്കോട് | 1967.33 |
| മലപ്പുറം | 1900.61 |
| പത്തനംതിട്ട | 984.63 |
| തിരുവനന്തപുരം | 2487.62 |
| തൃശ്ശൂർ | 908.88 |
| **ആകെ** | **17319.09** |

Dey